പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5165** **28.10.2016**-ലെ മറുപടിക്ക്

## നിലമ്പൂർ ഡിപ്പോയിലെ അടിസ്ഥാന സൗകര്യം

| ചോദ്യം<br>ശ്രീ. പി.വി. അൻവർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ മാതൃകാ ഡിപ്പോ ആയ നിലമ്പൂർ ഡിപ്പോയിൽ അടിസ്ഥാന സൗകര്യങ്ങളും, ബസും, ജീവനക്കാരും കുറവാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലമ്പൂർ ഡിപ്പോയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ആധുനിക രീതിയിലുള്ള ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പുരോഗതിയിലാണ്.<br>ബസുകളുടെ കുറവ് നിലവിലില്ല. നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 5 നോൺ എ.സി. ജൻറം ഉൾപ്പെടെ 62 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്. സ്ഥിരമായി ഓപ്പറേറ്റ് ചെയ്യാത്ത ഷെഡ്യൂളുകൾ ഒഴിവാക്കുകയും അതനുസരിച്ച് രണ്ട് ടേക്ക് ഓവർ സർവ്വീസ് ഉൾപ്പെടെ 41 ആർ.ടി.സി ഷെഡ്യൂളുകളും 5 ജൻറം ഷെഡ്യൂളുകളുമാണു നിലവിലുള്ളത്. പ്രസ്തുത ആർ.ടി.സി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 45 ബസുകളാണ് ആവശ്യമായിട്ടുള്ളത്. 51 ആർ.ടി.സി ബസുകളും 5 ജൻറം ബസുകൾ ഉൾപ്പെടെ ബസുകൾ നിലവിലുണ്ട്.<br>ജീവനക്കാരുടെ എണ്ണത്തിൽ കുറവ് ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങൾ കൂടുതൽ സഞ്ചരിക്കുന്ന വഴിക്കടവ്-കോഴിക്കോട് റൂട്ടിൽ ഏഴോളം ബസുകൾ ദിവസവും ക്യാൻസൽ ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹാരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറക്ക് ടി പ്രശ്നം പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ